KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

University Order Malayalam of File DOA/A4/938/2025 Approved by Director Directorate of admission on 05-Jun-2026 10:55 AM - Page 1

(സംഗ്രഹം)

സർവകലാശാല പഠന വകുപ്പുകൾ, സെന്ററുകൾ - ഒരേസമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ പിന്തുടരുന്ന വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ട ഫീസ് ഇനങ്ങളിൽ വ്യക്തത വരുത്തി ഉത്തരവാകുന്നു.

---

ഡി ഒ എ

ഡി ഒ എ /A4/938/2025 തീയതി: 05.06.2026

---

പരാമർശം:-1. 13.04.2022തീയതിയിലെ D.O.No.1-6/2007(CPP-II)(New) യു.ജി.സി മാർഗ്ഗനിർദേശങ്ങൾ

2. 20.09.2025 തീയതിയിലെ DOA/A1/156/2025 നമ്പർ കത്ത്

3. 03.12.2025 തീയതിയിലെ SPESS/PGDY/2005 നമ്പർ കത്ത്

4. 23.04.2026 തീയതിയിലെ സിൻഡിക്കേറ്റ് മീറ്റിംഗ് മിനുട്സ് ഐറ്റം നമ്പർ 2026.345

ഉത്തരവ്

1. പരാമർശം (1) പ്രകാരം, ഒരു വിദ്യാർത്ഥിക്ക് ഒരേസമയം രണ്ട് മുഴുവൻ സമയ അക്കാദമിക് പ്രോഗ്രാമുകൾ ഫിസിക്കൽ മോഡിൽ, ഒരു പ്രോഗ്രാമിന്റെ ക്ലാസ് സമയം മറ്റൊരു പ്രോഗ്രാമിന്റെ ക്ലാസ് സമയവുമായി ഒരുമിച്ച് വരാതെ /സമയ സംഘർഷം ഉണ്ടാകാതെ പഠിക്കാവുന്നതാണ്. കൂടാതെ ഒരു വിദ്യാർത്ഥിക്ക് ഒരു അക്കാദമിക് പ്രോഗ്രാം മുഴുവൻ സമയം ഫിസിക്കൽ മോഡിലും മറ്റൊന്ന് ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL)/ഓൺലൈൻ മോഡിലും പഠിക്കാം; അല്ലെങ്കിൽ പരമാവധി രണ്ട് ODL/ഓൺലൈൻ പ്രോഗ്രാമുകൾ ഒരേസമയം പിന്തുടരാവുന്നതാണ്.

2. പപരാമർശം (2) പ്രകാരം കായിക പഠന വകുപ്പിലെ Master of Physical Education & Sports (MPES) വിദ്യാർത്ഥിയായ ദേവനാരായണൻ നമ്പൂതിരിക്ക് അതേ പഠന വകുപ്പിലെ Post Graduate Diploma in Yoga Education (PGDYE) കൂടി പഠിക്കാൻ അനുമതി നൽകിയിരുന്നു.

3. പരാമർശം (3) പ്രകാരം കായിക പഠന വകുപ്പിലെ രണ്ട് വിദ്യാർഥികൾ PGDYE പ്രോഗ്രാമിന് അഡ്മിഷൻ നേടിയിട്ടുണ്ട് എന്ന് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസ് വകുപ്പ് തലവൻ അറിയിക്കുകയും ഈ വിദ്യാർഥികളിൽ നിന്നും ഈടാക്കേണ്ട ഫീസുകൾ സംബന്ധിച്ച് വ്യക്തത തേടുകയും ചെയ്തിരുന്നു.

4. 23.04.2026 ന് നടന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (4) പ്രകാരം, നിലവിൽ ഒരു പ്രോഗ്രാമിന് പ്രവേശനം നേടിയ വിദ്യാർഥികൾ, യു ജി സി നിബന്ധനകൾക്ക് വിധേയമായി അതേ സമയം തന്നെ മറ്റൊരു പ്രോഗ്രാമിനും കൂടി പ്രവേശനം നേടുകയാണെങ്കിൽ രണ്ടാമത്തെ പ്രോഗ്രാമിന്റെ ഫീസ് ഘടനയിൽ നിന്നും ലൈബ്രറി ഫീസ്, സ്പോർട്സ് അഫിലിയേഷൻ ഫീസ് എന്നീ ഇനങ്ങൾ

ഒഴിവാക്കിക്കൊണ്ട് തീരുമാനം എടുത്തിട്ടുണ്ട്.

5. അതിൻ പ്രകാരം യു.ജി.സി. റെഗുലേഷന് വിധേയമായി ഒരേ സമയം രണ്ട് പ്രോഗ്രാമുകൾ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്നും രണ്ടാമത്തെ പ്രോഗ്രാമിന് ലൈബ്രറി ഫീസും സ്പോർട്സ് അഫിലിയേഷൻ ഫീസും വാങ്ങുന്നത് ഒഴിവാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

6.തദനുസൃതമായി ഉത്തരവുകൾ ഇറക്കുന്നു.

ഒപ്പ്/-

**ഡോ. സുനിൽ കുമാർ ആർ. കെ**

**ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻ**

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്: 1. വകുപ്പ് തലവന്മാർ, കോഴ്സ് ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ
2. വെബ് മാനേജർ

പകർപ്പ്: 1. വി. സി. യുടെ പി. എസ്.
2. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ /ഫിനാൻസ് ഓഫീസർ എന്നിവരുടെ പി . എ മാർ
3. എൻക്വയറി
4. കരുതൽ ഫയൽ, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

University Order Malayalam of File DOA/A4/938/2025 Approved by Director Directorate of admission on 05-Jun-2026 10:55 AM - Page 2